"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കോതമംഗലം മാർ തോമ ചെറിയ പള്ളി കന്നി 20 പെരുന്നാൾ-ഡിവൈൻ മാസിക- പരസ്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.60/2026/TSM തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:- വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 15.11.2025 തീയതിയിലെ DOT/2839//2025-M1 നം കത്ത്.

**ഉത്തരവ്**

കോതമംഗലം മാർ തോമ ചെറിയ പള്ളി കന്നി 20 പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഡിവൈൻ മാസികയിലേക്ക് പരസ്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുള്ള അപേക്ഷയിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വികരിക്കണമെന്ന് പരാമർശം പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോതമംഗലം മാർ തോമ ചെറിയ പള്ളി കന്നി 20 പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഡിവൈൻ മാസികയിലേക്ക് വിനോദസഞ്ചാര വകുപ്പിന്റെ പരസ്യം അനുവദിക്കുന്നതിനായി 3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും **₹50,000/-** (അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3 ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം കോതമംഗലം മാർ തോമ ചെറിയ പള്ളി ഭാരവാഹികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം

കോതമംഗലം മാർ തോമ ചെറിയ പള്ളി ഭാരവാഹികൾ ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 22-01-2026 15:26:34

പകർപ്പ്:

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്